# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 341 — 29-06-2016-ൽ മറുപടിക്ക്

## നിക്ഷേപക സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി.വി.അൻവർ<br>ശ്രീ. വി.കെ.സി.മമ്മത് കോയ<br>ശ്രീ. ഐ.ബി.സതീഷ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് നിക്ഷേപകരെ ആകർഷിക്കാൻ നടത്തിയ സംരംഭങ്ങൾ ഏതൊക്കെയായിരുന്നു ;<br><br>(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര ബൃഹദ് സംരംഭങ്ങൾ ആരംഭിച്ചുവെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ ; | (എ) & (ബി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാനത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർ ദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിംഗ് കേരള സംഗമം സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയത്. എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.<br><br>എന്നാൽ മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥൻ അവതരിപ്പിച്ച പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വ്യവസായ വകുപ്പിന്റെ കീഴിൽ 14 പദ്ധതികളാണുള്ളത്. കെ.എസ്.ഐ.ഡി.സി.യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണത്. ഇതിൽ 2 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ളത് 12 പദ്ധതികൾ. |
| (സി) ഈ സംരംഭങ്ങളുടെ ഫലമായി സംസ്ഥാനം നേടിയ സാമ്പത്തിക വർദ്ധനവും തൊഴിൽ വളർച്ചയും വിശകലനം ചെയ്തിട്ടുണ്ടോ ; | (സി) വിലയിരുത്തിയിട്ടില്ല. |

(ഡി) സംരംഭകരെ ആകർഷിക്കാൻ സർക്കാർ ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ?

(ഡി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അനുമതി പത്രങ്ങളും ലൈസൻസുകളും നൽകുന്ന നടപടി ലഘൂകരിക്കാൻ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമുള്ള ഏകജാലക ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് കാലതാമസം കൂടാതെ ലൈസൻസ് അനുവദിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം നടപ്പാക്കുന്നതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പക്കലുള്ള അനുയോജ്യമായ സ്ഥലങ്ങൾ സാമ്പത്തിക സഹായം നൽകി വ്യവ്യസായ പാർക്കുകളായി വികസിപ്പിക്കും. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്റർ സ്ഥാപിക്കും. സംരംഭകത്വ വികസന പദ്ധതികൾ നടപ്പിലാക്കും. യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാകത്തക്കരീതിയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും.

സെക്ഷൻ ഓഫീസർ